# ജനവിരുദ്ധ നയങ്ങൾക്കെതിരായ പോരാട്ടത്തിന്റെ മുന്നണിയിൽ ഇടതുപക്ഷം

**2011 ജൂൺ 29**



2008–ൽ ആരംഭിച്ച ലോക സാമ്പത്തിക മാന്ദ്യം ഇന്നു വളർന്ന് കൂടുതൽ വലിയൊരു സാമ്പത്തിക പ്രതിസന്ധിയായി എല്ലാ രാജ്യങ്ങളെയും ഗ്രസിച്ചുകൊണ്ടിരിക്കുകയാണ്. ഓരോ രാജ്യത്തേയും ഇതു ബാധിക്കുന്നത് വിവിധ രൂപങ്ങളിലാണ്. അവ ആർജിച്ച സാമ്പത്തിക വളർച്ചയുടെ തോതനുസരിച്ച്. വികസിത രാജ്യങ്ങളെന്നറിയപ്പെടുന്ന അമേരിക്കയെയും യൂറോപ്പിനേയും ഇതു ബാധിച്ചത് നാണ്യ പ്രതിസന്ധിയായയാണ്. വായ്പയുടെ അടിസ്ഥാനത്തിൽ അവിടെ നിലനിന്ന അഭിവൃദ്ധി തകർന്ന് ഈ രാജ്യങ്ങൾ പാപ്പരീകരണത്തിന്റെ വക്കിലെത്തി.

വികസ്വര രാജ്യങ്ങളെ സംബന്ധിച്ച് ഈ പ്രതിസന്ധി നാണയപ്പെരുപ്പം, തൊഴിലില്ലായ്മ, ദാരിദ്ര്യം എന്നീ രൂപങ്ങളിൽ പ്രത്യക്ഷപ്പെട്ടു. സമ്പന്നരും ദരിദ്രരും തമ്മിലുള്ള അന്തരം വർധിച്ചു കൊണ്ടി രിക്കുന്നു. സമൂഹത്തെയാകെ ഗ്രസിക്കുന്ന അഴിമതിക്ക് ഇത് വഴിവയ്ക്കുകയും ചെയ്തു. സി പി ഐ ദേശീയ കൗൺസിൽ അംഗീകരിച്ച രാഷ്ട്രീയ സംഭവ വികാസങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടിന്റെ ആമുഖമായി സാർവ്വദേശീയ സ്ഥിതിയിലെ ഇരുണ്ട വശങ്ങൾ വിലയിരുത്തിയത് ഇങ്ങനെയാണ്. തുടർന്ന് ആ റിപ്പോർട്ട് ചൂണ്ടിക്കാണിച്ചത് ഈ കാലഘട്ടത്തിൽ സംഭവിച്ച പ്രതീക്ഷാനിർഭരമായ സംഭവ വികാസങ്ങളെയാണ്. ലാറ്റിന് അമേരിക്കന് രാഷ്ട്രങ്ങളിൽ നടന്ന തിരഞ്ഞെടുപ്പുകളിൽ ഇടതുപക്ഷ നേതാക്കന്മാരും പ്രസ്ഥാനങ്ങളും ശ്രദ്ധേയമായ നേട്ടങ്ങൾ തുടർന്നും കൈവരിച്ചു. അറബ് രാഷ്ട്രങ്ങളിലും മധ്യപൂര്വ ഏഷ്യയിലും വടക്കന് ആഫ്രിക്കന് രാജ്യങ്ങളിലും ഏകാധിപത്യ ത്തിനെതിരെ, ജനാധിപത്യാവകാശങ്ങൾക്കുവേണ്ടി നടന്ന വൻ പ്രസ്ഥാനങ്ങൾ, ലോക സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ച ദുരന്തങ്ങളിൽ നിന്നാണ് രൂപം പ്രാപിച്ചത്. ഈ കാലഘട്ടത്തിൽ വളർന്നുവന്ന ശക്തമായ മറ്റൊരു പ്രതിഭാസം സംഘടിത തൊഴിലാളിവർഗ പ്രസ്ഥാനം കൈവരിച്ച വലിയ മുന്നേറ്റങ്ങളാണ്.

കോൺഗ്രസ് നേതൃത്വത്തിലുള്ള യു പി എ സർക്കാർ അവരുടെ നവലിബറലിസ്റ്റ് നയങ്ങളുടെ അടിസ്ഥാനത്തിൽ ജനങ്ങളുടെമേൽ വലിയ ഭാരങ്ങൾ കയറ്റിവച്ചു. ഇതിനെതിരെയുള്ള അവബോധം ജനങ്ങളിൽ വളരുമ്പോൾ, അഴിമതി, കള്ളപ്പണം, വിലക്കയറ്റം എന്നിവയുടെ അപകടങ്ങൾ അവർ തിരിച്ചറിയുന്നു. ജനങ്ങളിൽ വളരുന്ന അതൃപ്തി മുതലാക്കി ഈ സാഹചര്യം ചൂഷണം ചെയ്യുവാന് ബൂർഷ്വാ പ്രതിപക്ഷം ശ്രമിക്കുന്നുണ്ട്. എന്നാൽ അവർക്ക് വലിയ പരിമതി കളുണ്ട്. കാരണം അവരെല്ലാം തന്നെ നവലിബറൽ നയങ്ങളുടെ ഭാഗത്ത് നിൽക്കുന്നു. ഈ സമരം വിജയകരമായി നടത്തേണ്ടത് ഇന്ത്യയിൽ ഇടതുപക്ഷ–ജനാധിപത്യ ശക്തികൾ തന്നെയാണ്.

അവർക്ക് മാത്രമേ ഇതു കഴിയൂ. കാരണം അഴിമതി, കള്ളപ്പണം, വിലക്കയറ്റം എന്നിവയുടെ മാതൃ സ്ഥാനം നവലിബറൽ സാമ്പത്തിക നയങ്ങൾ തന്നെ എന്ന തിരിച്ചറിവോടെ ആ നയത്തിനെതിരെ നിരന്തരം പോരാടുന്ന ശക്തികൾ ഇടതുപക്ഷം മാത്രമാണ്. ഈ പോരാട്ടത്തിന് ശക്തിപകരാന് ഇടതു–ജനാധിപത്യ ബദൽ പരിപാടികൾ മുന്നോട്ടുവച്ച് സമരം തുടരേണ്ടതായിട്ടുണ്ട്.

എന്നാൽ ബൂർഷ്വാ പാർട്ടികളും ശക്തികളും ജനങ്ങളെ വഴിതെറ്റിക്കാൻ ഭരണപക്ഷത്തും പ്രതിപക്ഷത്തും ഇരുന്നുകൊണ്ട് ഈ അവസരം മുതലാക്കാൻ ശ്രമിക്കുക സ്വാഭാവികമാണ്;

നവലിബറൽ നയങ്ങളുടെ വക്താക്കളും പ്രയോക്താക്കളുമായ ഈ ശക്തികൾ വേഷപ്രച്ഛന്നരായി നടത്തുന്ന സമരാഭാസങ്ങൾ ഒത്തുകളിയാണെന്നു തിരിച്ചറിയാൻ ജനങ്ങൾക്കു കഴിയണം.

ഈ സന്ദർഭത്തിൽ പ്രതീക്ഷയ്ക്കു വകനൽകുന്നത് ജനങ്ങളിൽ യോജിച്ചു നിന്ന് ഈ നയങ്ങൾ ക്കെതിരെ പോരാടുവാനുള്ള മനോഭാവം അനുദിനം വളരുന്നുവെന്നതു തന്നെ. ഈ കാലഘട്ട ത്തിൽ നടന്ന യോജിച്ച തൊഴിലാളിവർഗ മുന്നേറ്റങ്ങളും സമരങ്ങളും ശ്രദ്ധേയമാണ്. അതിന്റെ ഉജ്ജ്വലമായ നിദർശനമായിരുന്നു 2011 ഫെബ്രുവരി 23–ന് ഡൽഹിയിൽ നടന്ന തൊഴിലാളികളുടെ വമ്പിച്ച പ്രകടനം.

ഈ ഗവണ്മെന്റിന്റെ സാമ്പത്തിക നയം ഉപ്പു തൊട്ടു കർപ്പൂരം വരെ സകലതിന്റെയും വില ആകാശം മുട്ടെ വളർത്തി. അതിനെ കൂടുതൽ വഷളാക്കി പെട്രോളിയം ഉൽപന്നങ്ങളുടെ വില വർധന. വെള്ളിയാഴ്ച അർദ്ധരാത്രി മണ്ണെണ്ണ, ഗ്യാസ്, ഡീസൽ എന്നിവയുടെ വിലക്കയറ്റം പ്രഖ്യാപിച്ച യു പി എ സർക്കാർ ജനങ്ങൾക്കും രാഷ്ട്രത്തിനും നൽകിയത് ഒരിരുട്ടടിയായിരുന്നു. ഈ ഒരൊറ്റ നടപടി വിലക്കയറ്റത്തിനും നാണയപ്പെരുപ്പത്തിനും കൂടുതൽ ആക്കം പകരും എന്നത് ആർക്കാണറിയാത്തത്. ഈ നയങ്ങൾ കരിഞ്ചന്തയ്ക്കും പൂഴ്ത്തിവയ്പ്പിനും വഴി തുറക്കുന്നു.

തൊഴിലില്ലായ്മ പെരുകുന്നു. തൊഴിലവസരങ്ങൾ കുറയുന്നു. ഫാക്ടറികൾ അടച്ചുപൂട്ടുന്നു. പിരിച്ചു വിടൽ തുടരുന്നു. പുതുതായി ആളുകളെ ജോലികളിൽ നിയമിക്കുന്നതിനെതിരായി അപ്രഖ്യാപചഃ മായ നിരോധനം ഇന്നു നിലവിലുണ്ട്. ഇതിന്റെയൊക്കെ ഫലമായി ഇന്ത്യയിലെ തൊഴിലില്ലായ്മ യുടെ നിരക്ക് ഇപ്പോൾ 9.4 ശതമാനമാണ്. പഞ്ചവത്സര പദ്ധതിയുടെ വിധാതാക്കൾ കണക്കുകൂട്ടി യിരുന്നത് തൊഴിലില്ലായ്മയുടെ നിരക്ക് 2.8 ശതമാനത്തിൽ പരിമിതപ്പെടുത്തണമെന്നായിരുന്നു. തൊഴിലെടുത്തു ജീവിക്കാനാഗ്രഹിക്കുന്നവരുടെ ഭാവി ഇരുട്ടിൽ തന്നെ.

നവലിബറൽ സാമ്പത്തികനയം ഇന്ത്യയ്ക്ക് ഒരു കാര്യത്തിൽ വിജയം പ്രദാനം ചെയ്തു; കോടീശ്വരന്മാരെയും ശതകോടീശ്വരന്മാരെയും സൃഷ്ടിക്കുന്ന കാര്യത്തിൽ. അവരിൽ ചിലർ ലോകത്തെ ഏറ്റവും വലിയ സമ്പന്നരുമായി തോളുരുമ്മി നിൽക്കുമ്പോൾ ഇന്ത്യയിൽ രോമാഞ്ചം കൊള്ളുന്ന ചിലരുണ്ട്!!

എന്നാൽ ഇതിന്റെ മറുപുറം ബീഭത്സമാണ്, ലജ്ജാകരമാണ്. ഇന്ത്യ ലോകത്ത് ഏറ്റവും കൂടുതൽ ദരിദ്രർ, നിരക്ഷരർ, തൊഴിലില്ലാത്തവർ എന്നിവരുടെ രാജ്യമായി എന്നുള്ളതാണ് മറുപുറം. ഈ നാണക്കേട് വെള്ളപൂശി മാറ്റാനുള്ള ഒരു ശ്രമത്തിലാണിപ്പോൾ യു പി എ സർക്കാർ. കണക്കിന്റെ മാന്ത്രികത വഴി ദരിദ്രരെ ഇല്ലാതാക്കുന്ന ഒരു മഹായജ്ഞം ഇവിടെ തുടങ്ങുകയാണ്. ദരിദ്രരുടെ നിർവ്വചനം മാറ്റി. ഇനിമേൽ പട്ടണങ്ങളിൽ 20 രൂപയ്ക്ക് താഴെയും ഗ്രാമങ്ങളിൽ15 രൂപയ്ക്ക് താഴെയും പ്രതിദിനം മുടക്കാൻ കഴിയാത്തവർ മാത്രമായിരിക്കും ദരിദ്രർ. പ്ളാനിംഗ് കമ്മിഷന്റെ ഉത്തരവാണിത്. ഗരീബി ഹഠാവോ എന്ന മുദ്രാവാക്യം വിജയിപ്പിക്കുന്നതിനൊരു പുതിയ മാർഗം കണ്ടെത്തിയവർക്കു സ്തുതി.

ഈ പശ്ചാത്തലത്തിലാണ് ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും സ്വകാര്യ വൽക്കരണത്തിന്റെയുമൊക്കെ സൃഷ്ടിയായ അഴിമതിയും കള്ളപ്പണവും ജനശ്രദ്ധയെ വല്ലാതെ ആകർഷിച്ചത്. പ്രത്യേകിച്ച് ഇടത്തരക്കാരെ. അന്നാഹസാരെയും രാംദേവും ഈ പ്രശ്നങ്ങളെ ആധാരമാക്കി നടത്തിയ പ്രക്ഷോഭം ജനങ്ങളിൽ താൽപര്യമുണർത്തിയത് ഈ സാഹചര്യത്തിലാണ്.


അന്നാഹസാരെ

അന്നാ ഹസാരെയും കൂട്ടരും അഴിമതിയുടെയും കള്ളപ്പണത്തിന്റെയും ഉറവിടം അന്വേഷിച്ചില്ല. ഈ സാമ്പത്തിക പ്രതിഭാസത്തെ സൃഷ്ടിക്കുന്നവരെയും കൈകാര്യം ചെയ്യുന്നവരെയും തിരിച്ചറിയുവാനുള്ള ശ്രമങ്ങളൊന്നും നടത്തിയ തുമില്ല. അവരിത് കൈകാര്യം ചെയ്തത് ഒരു ധാർമിക പ്രശ്നമെന്ന നിലയിൽ മാത്രം. സിവിൽ സൊസൈറ്റിയുടെ പേരിൽ ഈ പ്രശ്നത്തെ അരാഷ്ട്രീയവൽ ക്കരിക്കുവാനുള്ള ശ്രമങ്ങളും നന്നായി നടന്നു. ബിജെപിയും സഖ്യ ശക്തികളും ഈ സാഹചര്യമുപയോഗിച്ച് മുതലെടുക്കുവാനും ശ്രമിച്ചു.


രാംദേവ്

2-ജി സ്പെക്ട്രം, എസ്-ബാന്റ് സ്പെക്ട്രം, കോമൺവെൽത്ത് ഗെയിംസ്,. ആദർശ് ഫ്ളാറ്റ്, ഐ പി എൽ കുംഭകോണം തുടങ്ങിയ വമ്പൻ അഴിമതികൾ, അവയ്ക്കു പിന്നിൽ പ്രവർത്തിച്ച മന്ത്രിമാർ, രാഷ്ട്രീയ നേതാക്കൾ, കോർപ്പറേറ്റ് വമ്പന്മാർ, ഉദ്യോഗസ്ഥ മേധാവികൾ, പത്രപ്രവർത്ത കർ, കോർപ്പറേറ്റ് ഇടപാടുകാർ ഇവരൊക്കെ സൃഷ്ടിച്ച അഴിമതിയുടെ വൻ സാമ്രാജ്യം ഒരു മായാ ലോകം പോലെ വിസ്മയകരമായിരുന്നു.

ഈ അഴിമതികളിൽ കുടുങ്ങി ജയിലിൽ കഴിയുന്നൂ എ രാജ. രാജിവെയ്ക്കേണ്ടിവന്ന മന്ത്രിയാണ് ശശി തരൂർ. ആ വഴിയിലൂടെ സഞ്ചരിക്കുകയാണ് ദയാനിധി മാരൻ. മഹാരാഷ്ട്ര മുഖ്യമന്ത്രിക്ക് സ്ഥാനം നഷ്ടപ്പെട്ടു. ഇതെല്ലാം കോൺഗ്രസിന്റെയും യു പി എയുടെയും അക്കൗണ്ടിൽ വരുന്ന കുംഭകോണങ്ങളാണെങ്കിൽ പ്രതിപക്ഷത്തിരിക്കുന്ന ബി ജെ പി ഒട്ടും പിറകിലല്ല.


എ രാജ


ശശി തരൂർ


ദയാനിധി മാരൻ

അഴിമതിയിൽ മുങ്ങിയ രണ്ടു ബി ജെ പി മന്ത്രിമാർ പഞ്ചാബിൽ രാജിവെയ്ക്കേണ്ടിവന്നു. ഇനി രണ്ടു പേർ കൂടി കുഴപ്പത്തിലുമാണ്. കർണാടക, ഝാർഖണ്ഡ്, ഛതീസ്ഗഢ്, മധ്യപ്രദേശ്, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിലെ ബി ജെ പി മന്ത്രിസഭകൾക്കെതിരെ സംഭ്രമജനകമായ അഴിമതി ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്.

ഈ പ്രത്യേക സാഹചര്യമാണ് അഴിമതിവിരുദ്ധ സമരത്തിൽ കോൺഗ്രസിനെയും ബി ജെ പിയെയും പലപ്പോഴും ഒത്തുകളിയിലേയ്ക്ക് എത്തിക്കുന്നത്. സർക്കാർ ഈ സമരക്കാർക്ക് അമിത പ്രാധാന്യം നൽകി അവരുടെ മുന്നിൽ കീഴടങ്ങിയപ്പോൾ ഈ സമരങ്ങളുടെ പിന്നിൽ അണിയറ നാടകങ്ങൾ നടത്തുകയായിരുന്നൂ ബി ജെ പിയും ആർ എസ് എസും. ഈ സമരങ്ങളെ നന്നായി സഹായിച്ചു കോർപ്പറേറ്റ് സെക്ടർ. ഈ സമരത്തിന്റെ അരാഷ്ട്രീയ മഹിമ പാടിപ്പുകഴ്ത്തി, ഡൽഹിയിലെ കുത്തക പത്രങ്ങളും ചാനലുകളും.

ഇന്ത്യൻ കുത്തകകൾ കള്ളപ്പണത്തിന്റെ ഒരു വലിയ സാമ്രാജ്യം തന്നെ സൃഷ്ടിച്ചിട്ടുണ്ട് ഇന്ത്യയ്ക്കു വെളിയിലും ഇന്ത്യയ്ക്കകത്തും. സ്വിസ് ബാങ്കുകളിലും ചില ജർമൻ ബാങ്കുകളിലും കള്ളപ്പണം രഹസ്യമായി സൂക്ഷിക്കുവാൻ കഴിയും.

ആയുധക്കച്ചവടക്കാർ, ഡ്രഗ് മാഫിയ, ഓവർ ഇൻവോയിസിംഗും അണ്ടർ ഇൻവോയിസിംഗും നടത്തുന്ന കയറ്റിറക്കുമതിക്കാർ, കിക്ക് ബാക്കായി കൊള്ളപ്പണം സമ്പാദിക്കുന്ന കോർപ്പറേറ്റ് ഇടപാടുകാർ തുടങ്ങിയവരാണ് വിദേശ ബാങ്കുകളിലെ കള്ളപ്പണത്തിന്റെ സ്രഷ്ടാക്കളും ഉപ ഭോക്താക്കളും. 9,00,000 കോടി രൂപയുടെ കള്ളപ്പണം വിദേശ ബാങ്കുകളിലുണ്ടെന്നാണൊരു കണക്ക്. നികുതി വെട്ടിപ്പു വഴിയും മറ്റും കണക്കിൽ മനപൂർവ്വം പെടുത്താത്ത പണം തുടങ്ങി നാട്ടിൽ കോർപ്പറേറ്റുകൾ സൃഷ്ടിച്ച മറ്റൊരു കള്ളപ്പണത്തിന്റെ സാമ്രാജ്യമുണ്ട് ഇന്ത്യയിൽ തന്നെ.

ഈ കള്ളപ്പണത്തിന്റെ രാഷ്ട്രീയ സ്വാധീനം നമ്മുടെ ജനാധിപത്യത്തെയും ജനാധിപത്യ സ്ഥാപന ങ്ങളെയും നശിപ്പിക്കുകയാണ്. ആ കറുത്ത പണമാണ് പാർലമെന്റിൽ കോടീശ്വരന്മാർക്ക് ഭൂരി പക്ഷം സൃഷ്ടിച്ചത്. ജുഡീഷ്യറിയെ അഴിമതിയിലേക്കു വലിച്ചിഴക്കുന്നത്, ഉദ്യോഗസ്ഥ വൃന്ദത്തെ സ്വന്തം താൽപര്യങ്ങൾക്കുവേ്ി നൃത്തം ചെയ്യിപ്പിക്കുന്നത്.

ഈ കള്ളപ്പണത്തിനെതിരായ സമരം ഒരു വലിയ രാഷ്ട്രീയ പോരാട്ടത്തിന്റെ ഭാഗമായി മനസ്സിലാക്കണം. ഈ പോരാട്ടം കുത്തകകൾക്കും ബഹുരാഷ്ട്ര കമ്പനികൾക്കും ഭൂമാഫിയയ്ക്കും ഒക്കെ എതിരായ, അഴിമതിക്കെതിരായ ഒരു വലിയ സമരത്തിന്റെ ഭാഗമാണ്. മൂല്യബോധമുള്ള, അഴിമതിയുടെ കറപുരളാത്ത രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കേ ഈ സമരം വിജയകരമായി നടത്താൻ കഴിയൂ. എന്തെല്ലാം പരിമിതികളുണ്ടെങ്കിലും ഇന്ത്യയിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ എന്നും അഴിമതിക്കും കള്ളപ്പണത്തിനുമെതിരായ സമരത്തിന്റെ മുന്നണിയിൽ നിന്നവരാണ്; ആപേക്ഷിക മായി അഴിമതിയുടെ കറപുരളാത്തവരും.

അതുകൊണ്ടാണ് ഈ സമരം ദേശവ്യാപകമായി മുന്നോട്ടുകൊണ്ടുപോകുവാൻ ഇന്ത്യയിലെ ഇടതുപക്ഷ ജനാധിപത്യ ശക്തികൾ നിശ്ചയദാർഢ്യത്തോടെ മുൻകൈ എടുക്കണമെന്ന് സി പി ഐ ദേശീയ കൗൺസിൽ ആഹ്വാനം ചെയ്തത്.